# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3616 | 22.08.2017-ൽ മറുപടിയ്ക്ക്

**ചോദ്യം**
ശ്രീ. എസ്.ശർമ്മ

**മറുപടി**
ശ്രീ.പി.തിലോത്തമൻ
ഭക്ഷ്യവും, പൊതുവിതരണവും,
വകുപ്പ് മന്ത്രി

### ഭക്ഷ്യഭദ്രതാനിയമം

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന വകുപ്പ് ജീവനക്കാരെ പിൻവലിച്ച് അവരെ എൻ.എഫ്.എസ്.എയുമായി ബന്ധപ്പെട്ട തസ്തികയിലേക്ക് മാറ്റി നിയമിക്കുമോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന വകുപ്പ് ജീവനക്കാർ സപ്ലൈകോയുടെ നിലവിലെ പ്രവർത്തനങ്ങൾക്ക് മാത്രമായി ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവരാണ്. സപ്ലൈകോയുടെ നിലവിലുള്ള പ്രവർത്തനങ്ങളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, മെഡിക്കൽ സ്റ്റോറുകൾ, ഡിപ്പോകൾ, റീജിയണൽ ഓഫീസുകൾ, ഹെഡ് ഓഫീസുകൾ തുടങ്ങി നെല്ല് സംഭരണം, സ്കൂൾ ഉച്ചക്കഞ്ഞി, പെട്രോളിയം ബിസിനസ്സ്, ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ, FMCG ഉൽപ്പന്നങ്ങൾ വരെയുള്ള മേഖലകളിലാണ് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ ജീവനക്കാർ നിലവിൽ ജോലി ചെയ്തു വരുന്നത്. ഭക്ഷ്യ ഭദ്രതാനിയമം 2013-ന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെയാണ് ഗവൺമെന്റ് തിരഞ്ഞെടുത്തിട്ടുള്ളത്. സപ്ലൈകോയുടെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേയാണ് ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കേണ്ടത്. ആയതിനാൽ ഡെപ്യൂട്ടേഷനിൽ നിലവിലുള്ള വകുപ്പ് ജീവനക്കാരെ എൻ.എഫ്.എസ്.എ ജോലികൾക്ക് നിയോഗിക്കുന്നത് പ്രായോഗികമല്ല. |
| (ബി) | എൻ.എഫ്.എസ്.എ നടപ്പാക്കുന്നതിന് സപ്ലൈകോയിൽ എത്ര തസ്തിക പുതുതായി വേണ്ടി വരുമെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കുമോ; | (ബി) & (സി) | സിവിൽ സപ്ലൈസ് വകുപ്പിലും സപ്ലൈകോയിലുമായി 412 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് പൊതുവിതരണ ഡയറക്ടർ, എം.ഡി, സപ്ലൈകോ എന്നിവർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ തസ്തിക സംബന്ധിച്ച് പഠനം നടത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ് |
| (സി) | പഠനം നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ